**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 334** **06-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയ്ക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്ന് കിഫ്ബിയെ വിമർശിച്ചവർ തന്നെ ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കിഫ്ബിയ്ക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് അറിയിക്കാമോ; | (എ) | കിഫ്ബിയ്ക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്ന് എന്ന രീതിയിലുള്ള പരാമർശങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് വസ്തുതയല്ല. മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 2215 കോടി രൂപയും പെട്രോളിയം സെസ്സ് ഇനത്തിൽ 594 കോടി രൂപയും ഉൾപ്പടെ 2809 കോടി രൂപ കിഫ്ബിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഡീറ്റെയിൽഡ് ബജറ്റ് എസ്റ്റിമേറ്റ് – volume 2 ലെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം-1 ആയി നൽകുന്നു.<br><br>കൂടാതെ കോർപ്പസ് ഫണ്ട്, മോട്ടോർ വാഹന നികുതിയുടെ വിഹിതം, പെട്രോളിയം സെസ്സ്, ഗ്രാന്റ് എന്നീ ഇനങ്ങളിലായി ഇതിനോടകം 15,103.96 കോടി രൂപ സർക്കാരിൽ നിന്നും കിഫ്ബിയ്ക്ക് നൽകിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം-2 ആയി നൽകുന്നു. |
| (ബി) | തിരുവനന്തപുരം വികസന ഇടനാഴി, കൊച്ചി–ബംഗളൂരു വ്യവസായ ഇടനാഴി, വ്യവസായ പാർക്കുകൾ എന്നിവ ഉൾപ്പെടെ കിഫ്ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | 27.02.2023 ലെ കിഫ് ബോർഡ് മീറ്റിംഗിൽ അംഗീകാരം നൽകിയ പദ്ധതികളുൾപ്പടെ കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നാളിതുവരെ വിവിധ വകുപ്പുകളിലായി 80,352.04/- കോടി രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം-3 ൽ കാണാവുന്നതാണ്. 60,352.04/- കോടി രൂപയുടെ 1050 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും 20000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി ഏഴ് പദ്ധതികൾക്കുമാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 20000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ പ്രധാനമായും വ്യവസായ ഇടനാഴികളുടെയും, വ്യവസായ പാർക്കുകളുടെയും |

| | | | |
|---|---|---|---|
| | | | സ്ഥലമേറ്റെടുപ്പിനും ദേശീയപാതാ വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സംസ്ഥാന വിഹിതം നൽകുന്നതിനുമുള്ള പദ്ധതികളാണ്. വിശദാംശം അനുബന്ധം-4 ൽ കാണാവുന്നതാണ്.<br>തിരുവനന്തപുരത്തെ ബയോ ലൈഫ് സയൻസ് പാർക്ക്, കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലമേറ്റെടുക്കൽ, കണ്ണൂർ-പാലക്കാട് വ്യവസായ പാർക്കുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ, ഗിഫ്റ്റ് സിറ്റി എന്നിവയാണ് വ്യവസായ മേഖലയ്ക്ക് കീഴിലുള്ള പദ്ധതികൾ. ഇതിൽ ബയോ ലൈഫ് സയൻസ് പാർക്കിനുള്ള മുഴുവൻ തുകയും കിഫ്ബി നൽകിക്കഴിഞ്ഞു. കൊച്ചി അമ്പലമുകളിൽ പെട്രോകെമിക്കൽ പാർക്കിനുള്ള സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി, കണ്ണൂർ-പാലക്കാട് വ്യവസായ പാർക്ക് എന്നിവയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് കൂടാതെ മറ്റ് വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെയും പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്. സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി അതാത് പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുകയും കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾ, വകുപ്പുകൾ എന്നിവരെ ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ആവശ്യമായ ഇടപെടലുകളും സഹായങ്ങളും നൽകുകയും ചെയ്തുവരുന്നു. |
| (സി) | പണം ലിവറേജ് ചെയ്ത് പല മടങ്ങ് മൂലധന നിക്ഷേപം ഉറപ്പ് വരുത്തുകയെന്ന ബദൽ വികസന മാർഗമെന്ന നിലയിലുള്ള കിഫ്ബിയുടെ പ്രാധാന്യം വിശദമാക്കാമോ? | (സി) | സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കി വരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നൽകിക്കൊണ്ട് വിദൂര ഭാവിയിൽ മാത്രം |

സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നു തന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്.

കിഫ് ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിയ്ക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തങ്ങൾ സുഗമമായി നടക്കുന്നുണ്ട് എന്നതും സർക്കാർ ഉറപ്പുവരുത്തുന്നു. കിഫ്ബി മുഖേന നാളിതു വരെ ആകെ 80352 കോടി രൂപയുടെ 1057 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.

ഇതിനോടകം 23,095 കോടി രൂപയാണ് കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത്. കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിൽ അടിസ്ഥാന സൗകര്യപദ്ധതികൾക്കായുള്ള ഈ ധനവിനിയോഗം സഹായകമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൂലധന ചെലവ് 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി (ഗ്രോസ് സ്റ്റേറ്റ് ഡൊമെസ്റ്റിക് പ്രോഡക്റ്റ്) യുടെ 2 ശതമാനത്തിലേറെയായിരുന്നു. തൊട്ടുമുമ്പുള്ള എട്ടു വർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും ഉയർന്നതാണിത്. കിഫ്ബിയുടെയും സംസ്ഥാനസർക്കാരിന്റെയും കൂടിയുള്ള സംയോജിത മൂലധന ചെലവ് ജി.എസ്.ഡി.പിയുടെ 2.30 ശതമാനത്തിലെത്തിയതാണ് ഈ നേട്ടത്തിന് കാരണമായത്. വരുന്ന സാമ്പത്തികവർഷം കിഫ്ബിയുടെയും സംസ്ഥാന സർക്കാരിന്റെയും സംയോജിത മൂലധന ചെലവ് ജി.എസ്.ഡി.പിയുമായുള്ള താരതമ്യത്തിൽ ഇതിലും മികച്ച നിലയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രളയവും കോവിഡ് മഹാമാരിയും നാശം വിതച്ച കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും ഒരു കൈത്താങ്ങായിമാറാൻ കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങൾക്കായി എന്ന് ആത്മവിശ്വാസത്തോടെ പറയുവാൻ സാധിക്കും. ആധുനിക വിദ്യഭ്യാസ സൌകര്യങ്ങൾ, കെ-ഫോൺ, ട്രാൻസ്ഗ്രിഡ് 2.0 ആശുപത്രികൾ, ഡയാലിസിസ് യൂണിറ്റുകൾ, കാത്‌ലാബുകൾ, കായിക സമുച്ചയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ, റോഡുകൾ, പാലങ്ങൾ, റെയിൽവേ മേൽപ്പാലങ്ങൾ, തീരദേശ ഹൈവേ, മലയോര ഹൈവേ, തുരങ്കപാത, തീരദേശ സംരക്ഷണം, തുറമുഖ സംരക്ഷണം, പുലിമുട്ടുകൾ സ്ഥാപിക്കൽ, പട്ടികജാതി വകുപ്പിനു കീഴിൽ ഐറ്റിഐകൾ, മോഡൽ

| | | | |
|---|---|---|---|
| | | | റെസിഡൻഷ്യൽ സ്കൂളുകൾ, വ്യവസായ വകുപ്പിന് കീഴിൽ ഓങ്കോളജി പാർക്ക്, ജലപാതകളുടെ നവീകരണം, വിവിധ ജലസേചന പദ്ധതികൾ എന്നിങ്ങനെ കേരളത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന വികസനമാണ് കിഫ്ബി വഴി പുരോഗമിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| .. | 27,237 | .. | 1 | .. | 1 | (01) | കിഴിവ് - റവന്യൂ അക്കൗണ്ടിലേയ്ക്ക് തുക കൈമാറ്റം ചെയ്യൽ 4.5% കേരള ഭൂപരിഷ്കരണ (മിച്ച ഭൂമിയുടെ നഷ്ട പരിഹാരം) ബോണ്ടുകൾ 16 വർഷം ഇറക്കിയത് സംബന്ധിച്ച ചെലവ് | Deduct - Amount transferred to Revenue Account - Expenditure in connection with the issue of 4.5% KLR (Payment of Compensation for excess lands) Bonds - 16 Year | .. | 1 |
| .. | 27,237 | .. | 1 | .. | 1 | | ആകെ കിഴിവ് - 101 | Total Deduct - 101 | .. | 1 |
| .. | 27,237 | .. | 1 | .. | 1 | | വോട്ടു ചെയ്തത് | Voted | .. | 1 |
| .. | .. | .. | .. | .. | .. | | *ചാർജ്ജ് ചെയ്തത്* | *Charged* | .. | .. |
| | | | | | | 112 | സ്റ്റാറ്റിസ്റ്റിക്സ് | STATISTICS | | |
| | | | | | | | **5475-00-112-99** | | | |
| .. | .. | .. | 1 | .. | 1 | 99 | കെട്ടിടനിർമ്മാണം - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് | Construction of Buildings - Economics and Statistics Department | .. | 1 |
| .. | .. | .. | 1 | .. | 1 | | ആകെ - 112 | Total - 112 | .. | 1 |
| .. | .. | .. | 1 | .. | 1 | | വോട്ടു ചെയ്തത് | Voted | .. | 1 |
| .. | .. | .. | .. | .. | .. | | *ചാർജ്ജ് ചെയ്തത്* | *Charged* | .. | .. |
| | | | | | | 115 | അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനസഹായം | FINANCIAL SUPPORT TO INFRASTRUCTURE DEVELOPMENT | | |
| | | | | | | | **5475-00-115-99** | | | |
| .. | .. | 5070000 | .. | 5070000 | .. | 99 | മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ | Major Infrastructural Development Projects | 3600000 | .. |
| | | | | | | | **5475-00-115-98** | | | |
| 1568,08,00,000 | .. | .. | 20398300 | 22037600 | .. | 98 | മോട്ടോർവാഹന നികുതിയിൽ നിന്നും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റിമെന്റ് ബോർഡിനുള്ള വിഹിതം | Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | .. | 22150000 |
| | | | | | | | **5475-00-115-97** | | | |
| 499,99,62,000 | .. | .. | 2455100 | 2659300 | .. | 97 | പെട്രോൾ/ഡീസൽ സെസ്സിൽ നിന്നും കേരള ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡിൽ നിന്നുള്ള വിഹിതം | Share of Kerala Infrastructure Investment Fund Board (KIIFB) from Cess on Petrol and Diesel | .. | 5940000 |
| | | | | | | | **5475-00-115-96** | | | |
| 322,07,00,000 | .. | .. | .. | .. | .. | 96 | ബാദ്ധ്യത തീർക്കുന്നതിനും, തിരിച്ചടവിനുമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡിനുമുള്ള വിഹിതം | Assistance to Kerala Infrastructure Investment Fund Board (KIIFB) on Repayment and Redemption of Obligations | .. | 1 |
| | | | | | | | **5475-00-115-94** | | | |
| | | | | | | 94 | കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ലോക ബാങ്ക് സഹായം-ആർ.കെ.ഡി.പി. പോളിസി ലോൺ) | Post Flood Projects Under the Rebuild Kerala Initiative (World Bank Aided - RKDP Policy Loan) | | |
| 44,59,07,727 | .. | 3500000 | .. | 2000000 | .. | (01) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ (ആർ.കെ.ഐ) | Roads of Local Self Government (RKI) | 9047600 | .. |



SECTION OFFICER

അനുബന്ധം-2

**കേരള സർക്കാരിൽ നിന്നും കിഫ്ബിയ്ക്ക് നൽകിയിട്ടുള്ള ഫണ്ടിന്റെ വിവരം**

| | |
|---|---|
| Corpus Fund | 2,498.42 കോടി |
| MVT | 9,057.44 കോടി |
| CESS ON PETROLEUM | 3,226.03 കോടി |
| Additional Contribution from Govt. | 322.07 കോടി |
| Total | 15,103.96 കോടി |

*03.03.2023 വരെയുള്ള കണക്കുകൾ.*

സെക്ഷൻ ഓഫീസർ

അനുബന്ധം-3

| Status of KIIFB Approved projects - Department Wise | | |
|---|---|---|
| **Department** | **KIIFB Approved Projects** | |
| | **No. of Projects Approved** | **Approved Amount (Rs.in Crore)** |
| PWD | 485 | ₹ 29,551.39 |
| Agriculture | 1 | ₹ 21.43 |
| Animal Husbandry | 1 | ₹ 10.24 |
| Ayush | 2 | ₹ 183.06 |
| Backward Classes Development Department | 1 | ₹ 17.73 |
| Coastal Shipping & Inland Navigation | 10 | ₹ 2,239.58 |
| Culture | 17 | ₹ 477.28 |
| Devaswom | 2 | ₹ 138.51 |
| Fisheries and Ports | 26 | ₹ 521.64 |
| Forest | 4 | ₹ 458.82 |
| General Education | 143 | ₹ 2,901.18 |
| Health & Family Welfare | 73 | ₹ 5,701.43 |
| Higher Education | 61 | ₹ 1,752.35 |
| Home | 6 | ₹ 225.19 |
| Industries | 1 | ₹ 62.16 |
| Information Technology | 3 | ₹ 1,412.86 |
| Labour & Skills | 5 | ₹ 85.91 |
| Local Self Government | 23 | ₹ 658.04 |
| Power | 18 | ₹ 5,200.00 |
| Registration | 6 | ₹ 88.65 |
| Revenue | 2 | ₹ 32.62 |
| SC/ST Development | 10 | ₹ 182.23 |
| Sports & YA | 39 | ₹ 834.86 |
| Tourism | 12 | ₹ 506.11 |
| Transport | 3 | ₹ 600.98 |
| Water Resources | 96 | ₹ 6,487.80 |
| **Total** | **1050** | **₹ 60,352.04** |

| Projects under Land Acquisition Pool of ₹ 20,000 Crore | | |
|---|---|---|
| PWD-NHAI | 1 | ₹ 6,769.01 |
| Industries (Under LA Pool) | 6 | ₹ 16,108.16 |
| *Industrial Parks - 3 projects - ₹13988.63 Cr* | | |
| *Taking over of land from HNL - ₹200.60 Cr* | | |
| *Kochi - Banglore Industrial Corridor & Gift City - ₹1918.93 Cr* | | |
| **Total** | **7** | **₹ 22,877.17** |

| KIIFB Approved Projects - Grand Total | | |
|---|---|---|
| Infrastructure Projects | 1050 | ₹ 60,352.04 |
| Projects under Land Acquisition Pool | 7 | ₹ 20,000.00 |
| **Grand Total** | **1057** | **₹ 80,352.04** |

അനുബന്ധം-4

| Sl. No. | Department | Project Code | Sub Project Name | Project Outlay (Rs. In Crore) | Amount Released (Rs. In Crore) | SPV Name | LAC | District | Work Status |
|---|---|---|---|---|---|---|---|---|---|
| 1 | Industries (Under LA Pool) | IND002-01 | Setting up of Petrochemical & Pharma Park | ₹ 977.46 | ₹ 977.47 | Kerala Industrial Infrastructure Development Corporation (KINFRA) | Aluva | Ernakulam | LA Completed |
| 2 | Industries (Under LA Pool) | IND006-01 | Bio 360 Life Science Park - Phase II Land Acquisition- Trivandrum | ₹ 301.17 | ₹ 301.17 | Kerala State Industrial Development Corporation [KSIDC] Ltd | Chirayinkeezhu | Thiruvananthapuram | LA in progress |
| 3 | Industries (Under LA Pool) | IND001-01 | Development of Indusrial infrastructure - Land Acquisition | ₹ 12,710.00 | ₹ 1,673.95 | Kerala Industrial Infrastructure Development Corporation (KINFRA) | Tharur, Dharmadom, Mattannur, Koothuparamba, Peravoor | Kannur, Palakkad | LA in progress<br><br>LA - Work awarded for ₹ 1673.94 Cr |
| 4 | Industries (Under LA Pool) | IND003-01 | Kochi-Bengaluru Industrial Corridor Project-Land Acquisition | ₹ 1,078.93 | ₹ 828.85 | Kerala Industrial Infrastructure Development Corporation (KINFRA) | Malampzha, Chittur | Palakkad | LA in progress<br><br>LA - Work awarded for ₹ 828.84 Cr |
| 5 | Industries (Under LA Pool) | IND007-01 | Development of Industrial Park by takeover of land From M/S Hindustan Newsprint Ltd-Land Acquisition And Development Works | ₹ 200.60 | ₹ 145.60 | Kerala Industrial Infrastructure Development Corporation (KINFRA) | Vaikom | Kottayam | LA Completed |
| 6 | Industries (Under LA Pool) | IND003-02 | DEVELOPMENT OF GIFT CITY as part of KBIC-Land Acqusition | ₹ 840.00 | ₹ 0.00 | Kerala Industrial Infrastructure Development Corporation (KINFRA) | Angamaly | Ernakulam | LA in progress |
| 7 | PWD-NHAI (Under LA Pool) | PWD018-01 | National highway land acquisition | ₹ 6,769.01 | ₹ 5,580.74 | PWD | Statewide | Statewide | KIIFB Approved |